# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2286

### 12-02-2020 ൽ മറുപടിക്ക്

### കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ വ്യാപകമായ അഴിമതിയും ക്രമക്കേടുകളും ഉണ്ടാകുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്രമക്കേടുകൾ കാരണം എന്തെല്ലാം പദ്ധതികളുടെ നടപടിക്രമങ്ങളാണ് റദ്ദ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ഇല്ല. എന്നിരുന്നാലും കിഫ്ബിയുടെ ഇൻസ്‌പെക്ഷൻ അതോറിറ്റി (ടെക്നിക്കൽ) വിഭാഗത്തിന്റെ നിരന്തരമായി നടത്തിവരുന്ന പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാൽ സംസ്ഥാനത്ത് നിർമാണത്തിലിരുന്ന 17 പദ്ധതികൾ താൽകാലികമായി നിർത്തിവെക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. നിർത്തിവെക്കപ്പെട്ട പദ്ധതികളിൽ കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ, കിറ്റ്കോ, ഇൻകെൽ, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ മേൽനോട്ടം വഹിക്കുന്ന താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു.<br>1 . ആയൂർ-ഇത്തിക്കര റോഡ്<br>2 . പേരാമ്പ്ര-ചെറുവണ്ണൂർ -വടകര റോഡ്<br>3 . കല്ലടക്ക-ചെർക്കള റോഡ്<br>4 . പാങ്ങോട്-കടക്കൽ -ചിങ്ങേലി-ചടയമംഗലം റോഡ്<br>5 . അമരവിള-ഒറ്റശേഖരമംഗലം റോഡ്<br>6 . കള്ളിക്കാട്-പാറശാല ഹിൽ ഹൈവേ<br>7 . കൈതവന-പഴയനാടകാവ്-അമ്പലപ്പുഴ-വടക്കേനട റോഡ്<br>8 . ഗവൺമെൻറ് ബോയ്സ് എച്ച് എച്ച് എസ് കായംകുളം<br>9 . കണ്ണശ്ശ സ്മാരക എച്ച് എസ് എസ് കടപ്ര |

| | |
|---|---|
| | 11. ഗവൺമെൻറ് ബോയ്സ് എച്ച് എസ് എസ് അടൂർ<br>12. തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം എടവ<br>13. എം ഇ സ് കോളേജ് പയ്യനാടം റോഡ്<br>14. കൽപ്പറ്റ വരാമ്പറ്റ റോഡ്<br>15. അടൂർ ടൌൺ ബ്രിഡ്ജ്<br>16. കൊച്ചിൻ കാൻസർ സെന്റർ എറണാകുളം<br>17. കല്ലറ പാങ്ങോട് പനവൂർ പുല്ലൻപാറ വെമ്പായം പഞ്ചായത്ത് സെൻട്രൽ വാട്ടർ സപ്ലൈ സ്കീം |
| (ബി) ഇത്തരം ക്രമക്കേടുകൾ കാരണം അഴിമതി തടയുന്നതിന് ഓംബുഡ്സ് മാനെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് പരാതി തീർപ്പാക്കലിന് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | കിഫ്ബിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും പരാതികളും സ്വീകരിക്കുന്നതിനും പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതിനുമായി ഒരു പ്ലാറ്റ്ഫോം സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിന്റെ ഉയർന്ന തലത്തിലുള്ള ഒന്നായി ഓംബുഡ്സ്മാനെ നിയമിക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (സി) ഓംബുഡ്സ് മാന്റെ ഓഫീസ് പ്രവർത്തനത്തിന് പ്രതിവർഷം ആകെ എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനായി എത്ര തസ്തികകൾ ഏതെല്ലാം രീതിയിലാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | പുതിയ തസ്തികകൾ ഒന്നും ഇപ്പോൾ സൃഷ്ടിച്ചിട്ടില്ല. ഗണ്യമായ അധിക ചെലവ് പ്രതീക്ഷിക്കുന്നില്ല. |

[signature]

**സെക്ഷൻ ഓഫീസർ**